"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം -ശ്രീമതി.വൃജ എൻ.കെ- മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2546/2024/LSGD തീയതി,തിരുവനന്തപുരം, 27-12-2024

പരാമർശം:-

1. 24.02.2023 ലെ സ.ഉ (സാധാ) നം.478/2023/തസ്വഭവ സർക്കാർ ഉത്തരവ്
2. 16.01.2024 ലെ സ.ഉ(സാധാ) നം 125/2024/തസ്വഭവ സർക്കാർ ഉത്തരവ്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.07.2024 ലെ LSGD/PD/69424/2023-DEH2 നമ്പർ കത്ത്
4. അക്കൗണ്ടന്റ് ജനറലിന്റെ 29.08..2024-ലെ GE07/C/MCV24/209നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ്I I തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ച ശ്രീമതി വൃജ എൻ.കെ 25.02.2023 -ൽ ടി തസ്തികയിയിൽ ജോലിയിൽ പ്രവേശിച്ചു. ടി തസ്തികയിലെ പ്രൊബേഷൻ കാലയളവായ 6 മാസം 24.08.2023-ൽ പൂർത്തിയാക്കിയിട്ടുണ്ട്.

2. പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീമതി വൃജ എൻ കെ -ക്ക് മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II തസ്തികയിലേക്ക് 22.01.2021 തിയതി പ്രാബല്യത്തിൽ നോഷണൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തെ സേവന കാലയളവിൽ ആറ് മാസത്തെ ഡ്യൂട്ടിയാണ്. ടിയാൻ ടി കാലയളവിൽ അവധിയൊന്നും ഉപയോഗിച്ചിട്ടില്ലാത്തതാണെന്ന് പരാമർശം (4) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. ടി കാലയളവിൽ ടിയാന്റെ ജോലിയും, സ്വഭാവും തൃപ്തികരമായിരുന്നുവെന്നും ടിയാന്റെ പേരിൽ അച്ചടക്ക നടപടികളൊന്നും നിലവിലില്ലാത്തതാണെന്നും പരാമർശം (3)പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണം (നഗരം) വകുപ്പിലെ മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II/അസിസ്റ്റന്റ് ഡയറക്ടർ ആയ ശ്രീമതി വൃജ എൻ.കെ-യുടെ മുനിസിപ്പൽ സെക്രട്ടറി

ഗ്രേഡ് II/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ പാർട്ട് 1 ചട്ടം 2(6)(f), ജനറൽ റൂളിലെ ചട്ടം 20(ബി) എന്നിവ പ്രകാരം 22.07.2021 തിയതി പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ (എ&ഇ ) (ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി വൃജ എൻ.കെ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 30-12-2024 10:42:06
സെക്ഷൻ ഓഫീസർ